മി.സ്പീക്കർ: ഓർഡർ......ഓർഡർ......

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... ഇത് ചോദ്യോത്തര സമയമാണ്. ശ്രീ. എ. കെ. ബാലൻ ദയവായി സഹകരിക്കണം. ചോദ്യം നം. *181 ഉം *204 ഉം ക്ലബ് ചെയ്യുന്നു.

ശ്രീ. എ. കെ. ബാലൻ: ബാർ കോഴ അന്വേഷണം സി.ബി.ഐ. പൂർത്തീകരിച്ചു. പിന്നെ നിങ്ങൾക്ക് കുറ്റപത്രം നൽകാൻ...(മൈക്ക് ഓഫ്)....

മി. സ്പീക്കർ: ഇത് ചോദ്യോത്തര സമയമാണ്. അങ്ങ് സഭയിലെ സീനിയർ അംഗവും എല്ലാനടപടിക്രമങ്ങളും അറിയാവുന്ന ഒരംഗവുമാണ്. അങ്ങ് ചോദ്യോത്തരവേള സഹകരിക്കണം. പ്ലീസ്...... പ്ലീസ്.....ബഹുമാനപ്പെട്ട മിനിസ്റ്റർ

## വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

1(*181)ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. പി. എ. മാധവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതോൽപ്പാദന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) ഉണ്ട്. ഭരണാനുമതി നൽകിയ പുതിയ ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കഞ്ചിക്കോട് ഒരു മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ്, അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ 96 കിലോവാട്ടിന്റെ റൂഫ് ടോപ്പ് സൗരോർജ്ജ

പദ്ധതി, പടിഞ്ഞാറെത്തറ ഡാമിനോടനുബന്ധമായുള്ള 400 കിലോവാട്ട് പദ്ധതി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 1.5 മെഗാവാട്ടിന്റെ പദ്ധതി, പെരിങ്ങൽക്കുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ പദ്ധതി, ബാരാപോൾ ജല വൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 2 മെഗാവാട്ടിന്റെ പദ്ധതി, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പദ്ധതി പ്രകാരം 15 ഗ്രാമങ്ങൾ വൈദ്യുതീകരിക്കുന്നതിന് 131.5 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതി, വയനാട് ജില്ലയിലെ കമ്പമല തേയില എസ്റ്റേറ്റിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 40 KW സ്ഥാപിതശേഷിയുള്ള പദ്ധതി, തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ രണ്ട് കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 134.56 കിലോവാട്ടിന്റെ പദ്ധതി എന്നീ സൗരോർജ്ജ പദ്ധതികൾക്കും ബ്രഹ്മപുരം ഡീസൽ നിലയത്തിലെ പ്രവർത്തന-രഹിത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം

ഏകദേശം 39.86 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സ്വകാര്യ മേഖലയിൽ 30 കൊല്ലത്തേയ്ക്ക് പ്രവർത്തിപ്പിക്കുന്നതിനും അതിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ച് വരുന്നതുമായ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് 2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചീമേനിയിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും വാതകപൈപ്പ് ലൈൻ വലിക്കാനാകാത്തതുകൊണ്ടും വാതക വിലയുടെ കാര്യത്തിലെ അവ്യക്തത കാരണവും ഈ പദ്ധതി മുന്നോട്ട് പോയിട്ടില്ല.

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നും 218 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

സൗരോർജ്ജ പദ്ധതികളിലൂടെ 5.352 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ബ്രഹ്മപുരം വൈദ്യുത

പദ്ധതിയിലൂടെ 39.86 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

## ചെറുകിട വൈദ്യുതി ഉൽപ്പാദന സംരംഭങ്ങൾ

2 (*204) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):

ശ്രീ. എ. കെ. ബാലൻ:

ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുതി ഉൽപ്പാദന സംരംഭങ്ങൾ ഒരുക്കുന്നതിൽ മതിയായ ജാഗ്രത കാണിക്കുന്നുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;

(ബി) ചെറുകിട വൈദ്യുതി ഉൽപ്പാദന മേഖലയിൽ മുൻ സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചെറുകിട വൈദ്യുതി ഉൽപ്പാദന മേഖലയിലെ അനാസ്ഥ വൈദ്യുതി മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന

ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ,

(എ) ഉണ്ട്. വൻകിട ജലവൈദ്യുതി പദ്ധതികൾക്ക് കൂടുതൽ വനഭൂമി ആവശ്യമായി വരുന്നതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലിയറൻസും പാരിസ്ഥിതികാനുമതിയും വേണ്ടിവരും. ഇവ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങളും കാലതാമസവും പരിഗണിച്ച് 25 മെഗാവാട്ടിൽ താഴെ വരുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികൾ നിർമ്മിക്കാനാണ് ബോർഡ്/സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്. ഈ പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി ആവശ്യമില്ല. മാത്രവുമല്ല, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ആകെ ഉപഭോഗത്തിന്റെ ഒരു നിശ്ചിത ശതമാനം ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടുന്ന റിന്യൂവബിൾ എനർജിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഇത് 3.8 ശതമാനമാണ്. നിശ്ചിത ശതമാനം കൈവരിക്കുന്നതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കേണ്ട സാഹചര്യമാണുള്ളത്. ഇതിനായി ചെറുകിട ജലവൈദ്യുത

പദ്ധതികൾ കണ്ടുപിടിച്ച്, പഠനങ്ങൾ നടത്തി മതിയായ സാമ്പത്തിക ലാഭം നൽകുന്ന പദ്ധതികൾ തിരഞ്ഞെടുത്താണ് നിർമ്മാണം നടത്തുന്നത്.

സംസ്ഥാനത്ത് ചെറുകിട വൈദ്യുതി ഉൽപ്പാദന സംരംഭങ്ങൾ ഒരുക്കുന്നതിൽ സർക്കാർ അതീവ പരിഗണനയാണ് നൽകുന്നത്. ചെറുകിട വൈദ്യുതി ഉൽപ്പാദന മേഖലയിൽ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, ചെറുകിട ജലവൈദ്യുതി, സൗരോർജ്ജം തുടങ്ങിയവയെ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദനപദ്ധതികൾ നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സ്വകാര്യ സംരംഭകരെയും ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സർക്കാർ നയം രൂപീകരിക്കുകയും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ അനാസ്ഥ ഉണ്ടായിട്ടില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കേരളത്തിലെ വൈദ്യുതി ഉൽപ്പാദനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് ജലവൈദ്യുത

പദ്ധതികളെയാണ്. ഇടുക്കി പോലുള്ള വലിയ പദ്ധതികൾക്ക് ഇനി കേരളത്തിൽ സാദ്ധ്യതയില്ല. നമുക്കറിയാം, സൈലന്റ് വാലിയും അതിരപ്പിള്ളിയുമെല്ലാം അടഞ്ഞ അദ്ധ്യായങ്ങളായി മാറുകയാണ്. ചെറുകിട പദ്ധതികൾ കണ്ടെത്തുന്നതിനുള്ള അന്വേഷണവും നടപടികളും സ്വീകരിക്കുമെന്ന മന്ത്രിയുടെ മറുപടി സ്വാഗതാർഹമാണ്. എന്നാൽ ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കാതെ, സൗരോർജ്ജം ഉൾപ്പെടെയുള്ള കോൾ ബേസ്ഡ് വൈദ്യുതി മറ്റുമേഖലകളിൽ ഉൽപ്പാദിപ്പിക്കുന്നതിനും പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ആവശ്യമായ പ്രോത്സാഹനവും പദ്ധതികളും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. സോളാർ എനർജിക്ക് 5.3 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഗവൺമെന്റ് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അതിൽനിന്നും ആവശ്യത്തിനനുസരിച്ച് മതിയാകുന്ന ഒരു സ്കീമാണെന്ന് അംഗീകരിക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. കാസർഗോഡ് ജില്ലയിലെ ബൃഹത്തായിട്ടുള്ള ഒരു സ്കീമും ഞങ്ങളുടെ വിഭാവനയിലുണ്ട്.

അത് പൂർത്തീകരിക്കാനും സമയബന്ധിതമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ചില വൻകിട പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട സണ്ണി ജോസഫ് ഇവിടെ പറഞ്ഞത് ശരിയാണ്. അതിന് പാരിസ്ഥിതികാനുമതി ലഭിക്കാൻ ബുദ്ധിമുട്ടാണ്. കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലങ്ങളായുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയമനുസരിച്ച് 25 മെഗാവാട്ട് വൈദ്യുതിക്ക് താഴെവരുന്നതിനെ നോൺ കൺവെൻഷണൽ എനർജിയായിട്ടാണ് കണക്കാക്കുന്നത്. അതുകൊണ്ടാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം കൽപ്പിച്ചത്. അതിന്റെ ഫലമായി, അത് മുഖേനയാണ് ഇപ്പോൾ ഏകദേശം 200-ൽപ്പരം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഓൺ ഗോയിംഗ് പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അതുപോലെ നൂറിൽപ്പരം മെഗാവാട്ട് വൈദ്യുതിയുടെ പുതിയ പദ്ധതികൾക്കുള്ള സംരംഭം ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ കാറ്റിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനമായ നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ

കോർപ്പറേഷൻ (എൻ.എച്ച്.പി.സി.)യുമായി ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 200 ഓളം മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി അവർ ചില സ്ഥലങ്ങളൊക്കെ കണ്ടെത്തിയിട്ടുണ്ട്. ചില സ്ഥലങ്ങൾ ഇപ്പോഴും അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ രണ്ട് കെട്ടിടങ്ങളുടെ മുകളിലും വിദ്യാലയങ്ങളിലും പ്രൈവറ്റ് മേഖലയിൽ പല സ്ഥലങ്ങളിലും ഇപ്പോൾ സൗരോർജ്ജം ഉപയോഗിച്ചുവരുന്നു. ഇതിനുപുറമെ, അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 7.5 മെഗാവാട്ട്-- ഒരു കിലോ വാട്ട് വച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഈ വർഷം 12 മെഗാവാട്ട് വൈദ്യുതി കൂടി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമമാണ് നടത്തിവരുന്നത്. കാസർഗോഡ് ജില്ലയിലെ പദ്ധതിയെന്ന് പറയുന്നത്, സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ഏകദേശം ആയിക്കഴിഞ്ഞു. അതിന് അവിടെ സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, അതിനുള്ള എഗ്രിമെന്റും ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഈ ഗവൺമെന്റിന്റെ

കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ കാസർഗോഡ് പദ്ധതി സംസ്ഥാന സർക്കാരിന് നേടിയെടുക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. കേന്ദ്ര ഗവൺമെന്റ് പുതുതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയനുസരിച്ചാണ് ഈ 200 മെഗാവാട്ട് വൈദ്യുതപദ്ധതി കാസർഗോഡ് ആരംഭിക്കാൻ പോകുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിൽ വൈദ്യുതി ഉപയോഗം ദിനംപ്രതി കൂടിവരികയാണ്. വീടുകളുടെ എണ്ണവും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന മെഷീനുകളുടെ എണ്ണവും വർദ്ധിക്കുന്നു. വ്യവസായ മേഖലയുടെയും ഐ.ടി. മേഖലയുടെയും വളർച്ചയ്ക്ക് വൈദ്യുതി അത്യാവശ്യ ഘടകമാണ്. അതുകൊണ്ട് ആവശ്യങ്ങളെ ഫെയ്സ് ചെയ്യാൻ സാധിക്കുന്ന രൂപത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് എത്ര വൈദ്യുതി ആവശ്യമായി വരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ആവശ്യാനുസരണം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ

18-ാമത് സ്റ്റഡി റിപ്പോർട്ടനുസരിച്ച് 2017-ൽ 12-ാം പദ്ധതി അവസാനിക്കുമ്പോൾ 4670 മെഗാവാട്ട് വൈദ്യുതി ആവശ്യമായിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതുപോലെ 2020-21-ലേയ്ക്ക് കണക്കാക്കിയിട്ടുള്ളത് 6100 മെഗാവാട്ടാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിന്റ് എനർജി, സോളാർ എനർജി, മാലിന്യങ്ങളിൽനിന്നുള്ള വൈദ്യുതി ഉല്പാദനം എന്നിവ കാര്യക്ഷമമായി വ്യാപിപ്പിച്ചാൽ ഇതിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും; അതുപോലെ സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ ഉപകരണങ്ങൾക്ക് വില വളരെ കൂടുതലായതിനാൽ കുറഞ്ഞ വിലയിൽ ഇവ ലഭ്യമാക്കി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അഞ്ഞൂറോളം മെഗാവാട്ട് വീതം സോളാർ എനർജിയും വിന്റ് എനർജിയും ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് ഒരു പ്രാഥമിക സ്റ്റഡിയിൽനിന്ന് മനസ്സിലാക്കിയിട്ടുള്ളത്. മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് പ്രത്യേകമായ സ്റ്റഡി നടത്തിയിട്ടില്ല.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, നമുക്ക് 4760 മെഗാവാട്ട് വൈദ്യുതിയാണ് ആവശ്യമായി വരുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്ന കണക്കനുസരിച്ച് ജലവൈദ്യുത പദ്ധതികളിൽനിന്ന് 218 മെഗാവാട്ട് വൈദ്യുതിയും സൗരോർജ്ജ പദ്ധതികളിലൂടെ 5.352 മെഗാവാട്ട് വൈദ്യുതിയും ബ്രഹ്മപുരം വൈദ്യുത പദ്ധതിയിലൂടെ 39.86 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ നമ്മുടെ ആവശ്യത്തിന് ഇത് തികയുകയില്ല. നമുക്ക് പുതിയ വലിയ വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ കഴിയില്ല. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഛത്തീസ്ഗഡ് പോലെയുള്ള പ്രദേശത്തുനിന്നും ലൈൻവലിച്ച് പവർഗ്രിഡ് കോർപ്പറേഷനിൽനിന്നും വൈദ്യുതി എത്തിച്ച് 2000 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു സ്കീമിനെക്കുറിച്ച് പറഞ്ഞു. അതിന്റെ നടപടിക്രമങ്ങൾ എന്തായി? 35 വർഷം കഴിഞ്ഞാൽ ഇപ്പോൾ നിലവിലുള്ള വൈദ്യുത പദ്ധതികൾക്ക് റിനൊവേഷനും അപ്റ്റൈറ്റിംഗും നടത്താം. അങ്ങനെയാണ് പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ റിനൊവേഷൻ നടന്നത്. പക്ഷേ റിനൊവേഷൻ നടത്തിയിട്ടും

ഒരു യൂണിറ്റ് വൈദ്യുതിപോലും ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇടുക്കി പദ്ധതിയുൾപ്പെടെ 35 വർഷം കഴിഞ്ഞ വൈദ്യുത പദ്ധതികൾ അപ്ഗ്രേഡിംഗ് നടത്താനും കൊച്ചിൻ റിഫൈനറിയുടെ ബൈപ്രോഡക്ടായ പെറ്റ്കോക്കിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി; ചെറുകിട വൈദ്യുത പദ്ധതികളുടെ ഉൽപ്പാദനവും വിതരണവും പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി കളമശ്ശേരിയിൽ ആരംഭിച്ച വൈദ്യുതി ഇന്നവേഷൻ സോൺ കൂടുതൽ കാര്യക്ഷമമാക്കി ചെറുകിട പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ചെറുകിട പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയാണ് കളമശ്ശേരിയിൽ വൈദ്യുതി ഇന്നവേഷൻ സോൺ ആരംഭിക്കുകയും അതിനുള്ള സാമ്പത്തിക സഹായം ചെയ്യുകയും ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ എഫ്.എ.സി.ടി. യുടെ 150 ഏക്കർ സ്ഥലം പെറ്റ്കോക്കിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്, അത് കിട്ടുമെന്നുള്ള പ്രതീക്ഷയാണുള്ളത്. അങ്ങനെവന്നാൽ 500 മെഗാവാട്ട് വൈദ്യുതി കൊച്ചിൻ റിഫൈനറിയുടെ ബൈപ്രോഡക്ടായ പെറ്റ്കോക്ക്

ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. നിലവിലുള്ള വൈദ്യുത പദ്ധതികൾ അപ്റൈറ്റ് ചെയ്യുന്നതിനായുള്ള ശ്രമങ്ങൾ നടക്കുന്നു, അത് DRIP-ന്റെ സ്കീമാണ്. ചിലത് അപ്റൈറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. നേര്യമംഗലം പോലുള്ള ചില വൈദ്യുത പദ്ധതികൾ അപ്റൈറ്റ് ചെയ്തപ്പോൾ കൂടുതൽ മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

ശ്രീ. പി. എ. മാധവൻ: സർ, ഒഡീഷയിൽനിന്ന് കേരളത്തിനായി നീക്കിവച്ചിരുന്ന കൽക്കരിപ്പാടം സംസ്ഥാനത്തിന് നഷ്ടപ്പെടുന്നു എന്ന രീതിയിലുള്ള റിപ്പോർട്ടുകൾ പത്രമാധ്യമങ്ങളിലുണ്ടായിരുന്നു. ഇതിന്റെ നിലവിലെ അവസ്ഥയെന്താണ്; കെ.എസ്.ഇ.ബി., കെ.എസ്.ഐ.ഡി.സി. സംയുക്ത സംരംഭമായി കൽക്കരി ഉപയോഗിച്ചുള്ള താപവൈദ്യുതനിലയം പദ്ധതി ഏത് ഘട്ടത്തിലാണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നുപറഞ്ഞാൽ, ബൈതരണിയിലെ 200.15 മില്യൺ ടൺ നമുക്ക് അനുവദിച്ചിരുന്നു. അതുപോലെ ഗുജറാത്തിനും ഒറീസ്സയ്ക്കും അനുവദിച്ചിരുന്നു. എന്നാൽ അഞ്ച് വർഷം കഴിഞ്ഞപ്പോൾ ഇത് പ്രാവർത്തികമാക്കിയില്ല എന്ന കാരണത്താൽ കേന്ദ്ര ഗവൺമെന്റ് അത്

ഒഴിവാക്കി. വാസ്തവത്തിൽ അത് ചീമേനിയിൽ തുടങ്ങാനാണ് ഉദ്ദേശിച്ചത്. അവിടെ ആളുകൾക്ക് എതിർപ്പായതിനാൽ കഴിഞ്ഞ ഗവൺമെന്റ് തന്നെ അത് മാറ്റി എൽ.എൻ.ജി. ഉപയോഗിച്ച് 1200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തു. പക്ഷേ ബൈതരണിയിലെ കൽക്കരിപ്പാടത്തെ സംബന്ധിച്ച് അന്നുതന്നെ മൂന്ന് സ്റ്റേറ്റുകളും കേസ് ഫയൽ ചെയ്തു. അവിടെ 4(i) നോട്ടിഫിക്കേഷൻ ഇറക്കാൻ പോലും നമുക്ക് കഴിഞ്ഞില്ല. നാല് വർഷം അവരായിരുന്നു, ഞാനവരെ കുറ്റപ്പെടുത്തുന്നില്ല. ഒരു വർഷം നമ്മളായിരുന്നു, നമുക്കും കഴിഞ്ഞില്ല. അതിന് പ്രധാനപ്പെട്ട കാരണം, 4(i) നോട്ടിഫിക്കേഷനറിക്കേണ്ടത് ഒറീസ്സ ഗവൺമെന്റാണ്, ഒറീസ്സ ഗവൺമെന്റ് അതിൽ താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല എന്നുമാത്രമല്ല, അവർ ഇത് കേരളത്തിന് കൊടുക്കേണ്ട കാര്യമില്ലെന്ന് അവിടത്തെ മുഖ്യമന്ത്രി അന്നത്തെ പ്രധാനമന്ത്രിക്ക് എഴുതിയ കത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട്. അതിൽ പറയുന്നത്, ഇത് കേരളത്തിന് കൊടുക്കേണ്ട കാര്യമില്ല, അത് മുഴുവൻ ഒറീസ്സയ്ക്കുതന്നെ കിട്ടണം, കേരളത്തിന്റെ അടുത്താണ് ഇൻഡോനേഷ്യ, അവിടെനിന്ന് ഇറക്കുമതി ചെയ്യാൻ സാധിക്കും എന്നാണ്. പ്രധാനമായും ഒറീസ്സയിലെ ഗവൺമെന്റിന്റെ നിസ്സഹകരണമാണ്

അത് നഷ്ടപ്പെടാൻ കാരണം. എന്നാൽ ഇടതുപക്ഷ ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും അതിന് ഉത്തരവാദികളല്ല. ഇതാണ് അതിന്റെ യഥാർത്ഥ സ്ഥിതി.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കേരളത്തിന്റെ വൈദ്യുതി ആവശ്യകത ദിനംപ്രതി കൂടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ലഭ്യത കുറവുമാണ്. കേരളത്തിന്റെ ഭൂപ്രകൃതിയും ജലലഭ്യതയും കണക്കിലെടുത്താൽ നിരവധി ചെറുകിട ജലസേചന പദ്ധതികൾ ഇവിടെ ആരംഭിക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഇത്തരം പദ്ധതികൾക്ക് വളരെ വിപുലമായ രീതിയിൽ രൂപം കൊടുത്തുകൂട; ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാൻവേണ്ടി സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികൾ വിശദീകരിക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇവിടെ ഓൺ ഗോയിംഗായി 202.6 മെഗാവാട്ടിന്റെ ചെറുകിട പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുപുറമെ ഏകദേശം 156 മെഗാവാട്ടിന്റെ പദ്ധതികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപം നൽകിക്കഴിഞ്ഞു. അതിൽ 49.40 മെഗാ വാട്ടിന്റെ പദ്ധതികൾ ഡി.പി.ആർ. സ്റ്റേജിലാണ്. ബാക്കിയൊക്കെ

ഗവൺമെന്റ് സാങ്ഷൻ ചെയ്തുകഴിഞ്ഞതാണ്. സാങ്ഷൻ ചെയ്തതും ഇതുംകൂടി കൂട്ടുമ്പോൾ 297.5 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് കൈക്കൊണ്ടു. അതിൽ 202 മെഗാ വാട്ടിന്റേത് ഓൺ ഗോയിംഗ് പ്രോജക്ടാണ്.

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ 500 മെഗാവാട്ടിന്റെ പദ്ധതികൾ ഇവിടെ പല ഘട്ടങ്ങളിലായി പൂർത്തീകരിക്കാതെ കിടക്കുകയാണ്. ടെണ്ടർ ചെയ്ത്, അവാർഡ് ചെയ്ത്, പണി തുടങ്ങിയ പള്ളിവാസൽ എക്സ്റ്റൻഷൻ 60 മെഗാവാട്ട്, തോട്ടിയാർ 40 മെഗാവാട്ട്, ബാരാപോൾ 21 മെഗാവാട്ട് തുടങ്ങിയ പദ്ധതികൾ അതിൽപ്പെടും. പെരിങ്ങൽക്കുത്ത് യു.ഡി.എഫ്. ഗവൺമെന്റും മറ്റ് പദ്ധതികൾ എൽ.ഡി.എഫ്. ഗവൺമെന്റും അവാർഡ് ചെയ്തതാണ്. 145 മെഗാ വാട്ട് പദ്ധതിയുണ്ട്. അതിരപ്പിള്ളിയിൽ 163 മെഗാവാട്ടുണ്ട്. അതിൽ ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല; നമ്മൾ എല്ലാവരും കുറ്റക്കാരാണ്. ഈ 145 മെഗാവാട്ടിന് പുറമേ എൽ.ഡി.എഫ്. ഗവൺമെന്റ് ഡി.പി.ആർ. കൊടുത്ത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടർ നടപടികൾ സ്വീകരിക്കാത്ത മാങ്കുളം 40 മെഗാവാട്ട്, അച്ചൻകോവിൽ 30 മെഗാവാട്ടും ഉൾപ്പെടെയുള്ള 15 ചെറുകിട പദ്ധതികളുടെ

200 മെഗാവാട്ടും മുടങ്ങിക്കിടക്കുകയാണ്. ഈ സ്തംഭനം മാറ്റിയാൽ തന്നെ ടെമ്പററി ക്രൈസിസ് തരണം ചെയ്യാൻ സാധിക്കും. എൻ.എച്ച്.പി.സി. യുമായി ബന്ധപ്പെട്ട് വിൻഡ് ഫാമിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള കരാർ ഒപ്പിട്ടുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മൂന്ന് തവണ ഇവിടെ പറഞ്ഞതാണ്. യഥാർത്ഥത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 33 മെഗാവാട്ട് ഉണ്ടാക്കിയതിനപ്പുറം ഒരു മെഗാവാട്ടും കാറ്റിൽ നിന്ന് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഏറ്റവും നല്ലത് സോളാർ യൂണിറ്റിലേയ്ക്ക് കടക്കുന്നതാണ്. അതിനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നതിനെ ഞാൻ എതിർക്കുന്നില്ലെന്ന് മാത്രമല്ല, അത് കോസ്റ്റ് ഇഫക്ടീവുമാണ്. യൂണിറ്റിന് 7 രൂപ നിരക്കിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉണ്ടാക്കാൻ കഴിയും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 20 രൂപയായിരുന്നു ഒരു യൂണിറ്റിന് ചെലവ്. അതുകൊണ്ടാണ് അന്ന് ആ പരിപാടി വേണ്ടെന്ന് വച്ചത്. ഇന്ന് ചൈനീസ് സോളാർ പാനൽ മാർക്കറ്റിൽ വന്നതോടുകൂടി വില കുറഞ്ഞതുകൊണ്ട് സോളാറിലേയ്ക്ക് കടക്കാൻ കഴിഞ്ഞു. ടെമ്പററി ആയിട്ടുള്ള ക്രൈസിസ് പരിഹരിക്കാൻ നമ്മുടെ മുമ്പിൽ തന്നെയുള്ള ഈ പദ്ധതികളുടെ തുടർ പ്രവർത്തനത്തിന് വേഗത കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. പള്ളിവാസൽ പദ്ധതി എന്റെ കാലത്ത് ടെണ്ടർ ചെയ്തതാണ്. അതിന്റെ ഡി.പി.ആർ.-ഉം മറ്റ് കാര്യങ്ങളും ഞാൻ കഴിഞ്ഞ തവണ മന്ത്രിയായപ്പോൾ ഉണ്ടാക്കിയതാണ്. അതാണ് ശ്രീ. എ.കെ. ബാലൻ പറഞ്ഞത്. ആ ടെണ്ടർ ഓപ്പൺ ചെയതത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. പല പദ്ധതികളുടെയും ടെണ്ടർ വിളിച്ച് ഓപ്പൺ ചെയ്യേണ്ട സമയം ആയപ്പോൾ ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതുകൊണ്ടാണ് ടെണ്ടർ ഓപ്പൺ ചെയ്യാൻ കഴിയാതിരുന്നത്. ആ ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടാണ് നീണ്ടുപോയതെന്ന് ഞാൻ പറയില്ല. അതിന്റെ ഇൻവെസ്റ്റിഗേഷൻ തന്നെ തെറ്റായിരുന്നുവെന്ന് മാത്രമല്ല, വേണ്ട പോലെ ചെയ്യാൻ സാധിച്ചില്ല. അതിന്റെ ഫലമായും താമസം വന്നു. ഇക്കാര്യവും അദ്ദേഹത്തിന് നല്ലതുപോലെ അറിയാവുന്നതാണ്. ടെക്നിക്കൽ പ്രോബ്ലവും ഉണ്ടായിട്ടുണ്ട്. പല എക്സ്പേർട്ട്സിനേയും കൊണ്ടുവന്ന് പരിശോധിപ്പിച്ചു. അവസാനം ശ്രീ. ശ്രീധരനെ കൊണ്ടുപോയി പരിശോധിപ്പിക്കുകയും ചെറിയ ചില പരിഹാരങ്ങൾ നിർദ്ദേശിച്ചത് നടത്തിവരികയുമാണ്. ആ പദ്ധതിക്ക് കുറച്ച്

താമസം വന്നിട്ടുണ്ടെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അത് സാങ്കേതിക കാരണങ്ങൾ കൊണ്ടാണ്. ഇന്നലെ അവിടത്തെ എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, സ്ലോ ആയിട്ടാണ് ആ വർക്ക് നീങ്ങുന്നത്. ആ കോൺട്രാക്ടർക്ക് സാമ്പത്തിക പ്രയാസമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഈ സാഹചര്യത്തിൽ ക്യാൻസൽ ചെയ്താൽ അദ്ദേഹം കോടതിയിൽ പോകും. കോടതിയിൽ പോയാൽ ഇനിയും താമസംവരും. ഏതായാലും ഇക്കാര്യം എന്തുവേണമെന്ന് ഗവൺമെന്റ് ആലോചിച്ച് വരികയാണ്. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, 25 മെഗാവാട്ടിന് താഴെയുള്ള പദ്ധതികൾക്ക് ഫോറസ്റ്റിന്റെ എൻവിയോൺമെന്റൽ ക്ലിയറൻസ് ആവശ്യമില്ല. അവിടെയുള്ള മരങ്ങൾ മുറിക്കുന്നതിന് കേന്ദ്ര വനംവകുപ്പിന്റെ അനുവാദം ആവശ്യമാണ്. മാത്രമല്ല, അദ്ദേഹം മാങ്കുളത്തിന്റെയും തോട്ടിയാറിന്റെയും കാര്യങ്ങൾ പറഞ്ഞു. അവിടെ സ്വകാര്യ വ്യക്തികളുടെ സ്ഥലം കൂടിയുള്ളതാണ് താമസം വരാനുള്ള കാരണം. ആ സ്ഥലം ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട അംഗവും ശ്രമിച്ചതാണെങ്കിലും നടന്നിട്ടില്ല. എന്നാൽ അവിടെ പട്ടയമുള്ള ആളുകളുടെ കുറച്ച് സ്ഥലം എടുത്തിട്ടുണ്ട്. പട്ടയമില്ലാത്ത ആളുകൾക്കും അതേ വില

കിട്ടണമെന്നാവശ്യപ്പെട്ടു. നിയമപ്രകാരം അതേ വില കൊടുക്കാൻ കഴിയില്ലെങ്കിലും ക്യാബിനറ്റ് അംഗീകരിച്ച് അതേ വില നൽകി സ്ഥലം എടുത്തുകൊണ്ടിരിക്കുകയാണ്. ഭൂമി കിട്ടാനുള്ള പ്രയാസങ്ങളാണ് യഥാർത്ഥത്തിൽ ഈ പദ്ധതികൾ നീണ്ടു പോകാനുള്ള കാരണം.

ശ്രീ. രാജു എബ്രഹാം: സർ, ചെറുകിട ജലവൈദ്യുത പദ്ധതിയിൽ ലോകത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് ചൈനയിലാണ്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് കേരളത്തിൽ ഏറെ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങിയിരുന്നു. ആ പദ്ധതികൾ എല്ലാം ഏതാണ്ട് നിശ്ചലാവസ്ഥയിലാണ്. ഇത് പുന:പരിശോധിച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം എന്റെ മണ്ഡലത്തിൽ പെരുന്തേനരുവി, അള്ളുങ്കൽ തുടങ്ങിയ രണ്ട് പദ്ധതികളിലും സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഉള്ളതുകൊണ്ട് പദ്ധതി മുന്നോട്ട് പോകുന്നില്ല. ഇതിന് സമയബന്ധിതമായി നടപടി സ്വീകരിച്ച് ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാനും പ്രവർത്തനം പുനരാരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് തന്നെ നല്ലതുപോലെ അറിയാവുന്നതാണ്. ഞാനും അദ്ദേഹവും ഇക്കാര്യം പല

തവണ സംസാരിച്ചതാണ്. സ്ഥലം വിട്ട് കിട്ടുന്നത് മെമ്പർ വളരെയേറെ ശ്രമം നടത്തിയതിന് നന്ദിയുണ്ട്. ഏതായാലും പദ്ധതികളുടെ അവസാന സ്റ്റേജിലാണെന്ന കാര്യം മെമ്പർ തന്നെയാണ് എന്നോട് കഴിഞ്ഞ ആഴ്ച പറഞ്ഞത്. ഈ രണ്ട് പദ്ധതികളും ഉടൻ തുടങ്ങാനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ട് വരികയാണെന്ന് ചോദ്യത്തിന് ഉത്തരമായി പറയുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഊർജ്ജ സംരക്ഷണത്തിന് സൗരോർജ്ജ ഉൽപ്പന്നങ്ങൾ വളരെ സഹായകരമാണ്. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറിയ ലൈറ്റുകളും മറ്റും ആളുകൾ ഇന്ന് വാങ്ങാറില്ല. അതിന് ഒരു കാരണം, കേട് വന്നാൽ റിപ്പയർ ചെയ്യാനുള്ള സംവിധാനങ്ങൾ ഇല്ലെന്നതാണ്. ഒരിക്കൽ വാങ്ങി കേട് വന്നാൽ ഉപേക്ഷിക്കേണ്ടിവരും. ANERT പോലുള്ള സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി, സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ചെറുകിട ഉൽപ്പന്നങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഒന്ന്, റിപ്പയർ ചെയ്യാനുള്ള സൗകര്യക്കുറവ് ഉണ്ടെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. രണ്ടാമത്തെ കാര്യം ഇതിനെക്കുറിച്ച് വേണ്ടത്ര

അവബോധം ഇല്ലെന്നുള്ളതാണ്. ഉദാഹരണമായി റാന്തലിനെക്കുറിച്ച് പറഞ്ഞാൽ, ഇടയ്ക്കിടയ്ക്ക് വെയിലത്ത് വച്ച് ചാർജ്ജ് ചെയ്യണം. അങ്ങനെ ചെയ്യാതെ പൂർണ്ണമായും ചാർജ്ജ് നഷ്ടപ്പെടുമ്പോൾ, രണ്ടുമൂന്ന് ദിവസം 15 മണിക്കൂറെങ്കിലും വെയിലത്ത് വച്ചാൽ ചാർജ്ജ് ആകും. ഇക്കാര്യം ആളുകൾക്ക് അറിയില്ല. ചാർജ് തീരുമ്പോൾ കേടായെന്ന് കരുതി ഒഴിവാക്കുന്ന സ്ഥിതിയുണ്ട്. ഏതായാലും ഇതിന്റെ റിപ്പയറിംഗിനുള്ള ആളുകൾ കുറവാണെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അതിന് എന്താണ് ചെയ്യാൻ കഴിയുന്നതെന്നുള്ള കാര്യം ഗവൺമെന്റിന്റെ ആലോചനയിലാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിലെ എല്ലാ ജനപ്രതിനിധികളേയും ചേർത്തുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആ കമ്മിറ്റി തീരുമാനപ്രകാരം ഒന്നുരണ്ട് വർക്കുകൾ നടത്തുകയും ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമം നടത്തുകയും ചെയ്തു. അതിനുശേഷം ആ കമ്മിറ്റി യോഗം ചേരുന്നില്ല. അതിനുപുറമേ കർണ്ണാടകത്തിലെ ലൈൻ മൈലാട്ടിയിൽ എത്തിക്കുന്നതിനുള്ള ശ്രമം നടത്താൻ

തീരുമാനിക്കുകയും ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാമെന്നും പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ വൈദ്യുതി ബോർഡിന് കാശ് കൊടുക്കാമെന്നും പറഞ്ഞിരുന്നെങ്കിലും ആ വർക്ക് ഇതുവരെ തുടങ്ങിയിട്ടില്ല. ആ വർക്ക് നീട്ടിക്കൊണ്ട് പോയാൽ കാസർഗോഡ് ജില്ല വീണ്ടും ഇരുട്ടിലാകും. അതിന് പരിഹാരം കാണാൻ കഴിയുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവിടത്തെ എം.എൽ.എ. മാരെ ഇവിടെ വിളിച്ച സന്ദർഭത്തിലും കമ്മിറ്റി ചെയർമാൻ അവിടെ പോയ സാഹചര്യത്തിലും ഒക്കെ ചൂണ്ടിക്കാണിച്ച വിഷയമാണിത്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. കർണ്ണാടക ഗവൺമെന്റ് പൂർണ്ണമായും അതിന് അനുകൂലമല്ല. ഏതായാലും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ വീണ്ടും നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, മൈലാട്ടിയിലേയ്ക്ക് ലൈൻ നീട്ടുന്ന കാര്യം പവർഗ്രിഡ് കോർപ്പറേഷനുമായി സംസാരിച്ച് ഏകദേശം അനുകൂലമായ സ്റ്റേജിലാണ് ഇപ്പോഴുള്ളത്. ഈ പ്രശ്നം പരിഹരിക്കാൻ നമുക്ക് ഒരു മാർഗ്ഗം കൂടിയുണ്ട്. മൈസൂർ-അരീക്കോട് ലൈനിൽ യഥാർത്ഥത്തിൽ തടസ്സം വന്നിരുന്നത് കൂർഗ് ഭാഗത്തായിരുന്നു. ഇന്നലെ ഞാൻ ഇവിടെ

ചൂണ്ടിക്കാണിച്ചതുപോലെ, മുഖ്യമന്ത്രി കൂടി ഇടപെട്ടതുകാരണം കർണ്ണാടക ഗവൺമെന്റ് ഇക്കാര്യത്തിൽ വേണ്ട എല്ലാ സഹായങ്ങളും ചെയ്തിട്ടുണ്ട്. ആഭ്യന്തരവകുപ്പുമന്ത്രി കർണ്ണാടക ആഭ്യന്തര വകുപ്പുമന്ത്രിയുമായി സംസാരിച്ചതിന്റെ ഫലമായി 250-ഓളം പോലീസുകരെ വച്ചാണ് ആ ലൈൻ വലിക്കാൻ സാധിച്ചത്. ആ ലൈൻ പൂർണ്ണമായും വലിക്കാൻ സാധിച്ചിട്ടുണ്ട്. അത് കാസർഗോഡത്തേയ്ക്ക് കൊണ്ടുപോയി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞാൽ പരിഹാരം കാണാൻ സാധിക്കും. കാസർഗോഡ് ജില്ലയിൽ രൂപീകരിച്ച കമ്മിറ്റി കൂടുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ആ കമ്മിറ്റി കൂടാനുള്ള ഏർപ്പാട് ചെയ്യുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, സൗരോർജ്ജ പദ്ധതികളെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ഈ സഭയിൽ എല്ലാപേരും സംസാരിക്കുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾ കൂടുതലായി ഏറ്റെടുത്ത് നടത്തി മാതൃക കാണിക്കേണ്ടത് സർക്കാർ തന്നെയല്ലേ; സർക്കാർ ഓഫീസുകളിലും സർക്കാരുമായി ബന്ധപ്പെട്ട കൂടുതൽ മേഖലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിച്ച് വിജയകരമായ ഒരു മാതൃകയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയാൽ കൂടുതൽ ആളുകൾ തീർച്ചയായും ഇതിലേയ്ക്ക് കടന്നുവരും. സർക്കാർ സംവിധാനങ്ങളിലും

സർക്കാർ ഓഫീസുകളിലും പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പദ്ധതി നിർബന്ധമാക്കികൊണ്ട് മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് ഒരു തീരുമാനമെടുത്ത് ഇതിനെ പ്രൊമോട്ട് ചെയ്യാൻ ഗവൺമെന്റിന് സാധിക്കില്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു നല്ല നിർദ്ദേശമാണ്. ഗവൺമെന്റ് ഇതിനകംതന്നെ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചുകഴിഞ്ഞുവെന്ന് ഞാൻ നേരത്തെ പറഞ്ഞു. എല്ലാ ഗവൺമെന്റ് ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള തീരുമാനമെടുത്തുവെന്ന് മാത്രമല്ല, എല്ലാ വീടുകൾക്കും ഇത് നിർബന്ധമാക്കികൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിൽ ഏറ്റവും കൂടുതൽ സഹായം ചെയ്യാൻ സാധിക്കുന്ന ഒരു ജില്ല ഇടുക്കിതന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രാമക്കൽമേടിൽ നടപ്പാക്കിയ പദ്ധതി ഫലപ്രദമായി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. രാമക്കൽമേട് കൂടുതൽ സാധ്യതയുള്ള ഒരു പ്രദേശമാണ്. കൂടാതെ ചതുരംഗപ്പാറ, സേനാപതി, പാറത്തോട് തുടങ്ങിയ പ്രദേശങ്ങളുമുണ്ട്. ഇവയാകെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോ? കൂടാതെ, സോളാർ പാനലിന്റെ വ്യാപനത്തിന് പഞ്ചായത്തുകളുടെ സഹായത്തോടുകൂടിയുള്ള ഒരു സ്കീം തയ്യാറാക്കുകയാണെങ്കിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അത് വ്യാപിപ്പിക്കുന്നതിനും കൂടുതൽ സഹായകരമായിരിക്കുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സോളാർ ഉപയോഗിച്ച് സ്ട്രീറ്റ് ലൈറ്റ് പോലുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഈ ഗവൺമെന്റ് വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതിന് സബ്സിഡി നൽകുന്നുമുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ഇടുക്കിയിലെ രാമക്കൽമേട് പോലെയുള്ള സ്ഥലങ്ങളിൽ പ്രശ്നങ്ങളുണ്ട്. രാമക്കൽമേടിൽ ഇനിയും കുറച്ചുകൂടി സാധ്യതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ, ഈ പ്രദേശത്തിന് ചുറ്റും വനമായതുകൊണ്ട് അങ്ങോട്ടേയ്ക്ക് പോകാനും വരാനും സാധനങ്ങൾ കൊണ്ടുപോകാനുമുള്ള തടസ്സങ്ങളുണ്ട് എന്നതാണ് പ്രശ്നം. അതുപോലെ ഇടുക്കി ജില്ലയുടെ പലഭാഗത്തും വിൻഡ് എനർജിക്കുള്ള സാധ്യതയുണ്ട്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഇപ്പോഴും നടത്തികൊണ്ടിരിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, കേരളത്തിന്റെ വിശേഷിച്ച് മലയോര

മേഖലകളുടെ ഏറ്റവും വലിയ പ്രതീക്ഷയാണ് ചെറുകിട വൻകിട ജലവൈദ്യുത പദ്ധതികൾ. എന്റെ മണ്ഡലത്തിൽത്തന്നെ ഉറുമി-ചെമ്പുകടവ് പദ്ധതി വൻ വിജയമായി മാറിയിരിക്കുകയാണ്. അവിടെ തിരുവമ്പാടി ജലവൈദ്യുതി പദ്ധതിയെന്ന പുതിയ മെഗാ പദ്ധതി ആരംഭിക്കാൻ പോകുന്നുവെന്ന് വർഷങ്ങളായി കേൾക്കുകയാണ്. എന്താണ് അതിന്റെ സ്ഥിതി, എന്താണ് അതിന്റെ സാങ്കേതിക തടസ്സം, അതെന്ന് തുടങ്ങാൻ സാധിക്കുമെന്ന് പറയാമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, തിരുവമ്പാടി എന്നു പറയുന്ന ഒരു പദ്ധതിയിപ്പോൾ ഇല്ല. അതിന് വേറെ എന്തെങ്കിലും പേരായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഒരു ഐ.പി.പി. പദ്ധതിയെക്കുറിച്ച് അദ്ദേഹം പ്രത്യേകം പറഞ്ഞിരുന്നു. ആ പദ്ധതിയാണ് ഉദ്ദേശിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ആ പദ്ധതിക്ക് സാങ്ഷൻ നൽകികഴിഞ്ഞു.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂന്ന് ജലവൈദ്യുത പദ്ധതികൾ നാദാപുരം മണ്ഡലത്തിൽ തുടക്കം കുറിച്ചു. അതിൽ പൂഴിത്തോട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും വിലങ്ങാട് കഴിഞ്ഞ വർഷവും കമ്മീഷൻ ചെയ്തു. എന്നാൽ ചാത്തൻകോട്ട് പദ്ധതി ഇനിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഏകദേശം 20% പ്രവൃത്തി പൂർത്തിയായ ഇതിന്റെ

പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ എന്നോട് സബ്മിഷനായിട്ടും അല്ലാതെയുമൊക്കെ പറഞ്ഞ കാര്യങ്ങളാണ്. സ്ഥലം കിട്ടാനുള്ള പ്രയാസങ്ങളുണ്ടായിരുന്നു. ഏതായാലും അത് കമ്മീഷൻ ചെയ്യാനുള്ള അടിയന്തര നടപടികൾ ബോർഡും ഗവൺമെന്റും കൈക്കൊണ്ടുവരികയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മളിവിടെ പുതിയ വൈദ്യുത പദ്ധതികളെക്കുറിച്ചാണ് പറയുന്നത്. ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനുള്ള പ്രയാസംകൊണ്ടുതന്നെ മറ്റ് മാർഗ്ഗങ്ങളിലേയ്ക്ക് തിരിയണമെന്നുള്ളതും നമ്മുടെ മുമ്പിലുള്ള വസ്തുതയാണ്. എന്റെ നിയോജക മണ്ഡലത്തിലെ വിൻഡ് മില്ലുകളിൽനിന്നും ഇപ്പോൾത്തന്നെ വൈദ്യുതി ഉൽപ്പാദിപ്പിച്ച് കെ.എസ്.ഇ.ബി.ക്ക് നൽകുന്നുണ്ട്. അട്ടപ്പാടി പ്രദേശത്ത് എൻ.എച്ച്.പി.സി.യെ ഏൽപ്പിച്ചുകൊണ്ട് പുതിയ ചില പദ്ധതികളെക്കുറിച്ച് സർക്കാർ ആലോചിച്ചിരുന്നു. അത് കഴിഞ്ഞ ബഡ്ജറ്റിലും പറഞ്ഞിട്ടുള്ള കാര്യമാണ്. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്; പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ട് പോകുന്നുണ്ടോ; അടുത്ത കാലത്ത് നമുക്ക് തുടങ്ങാൻ സാധിക്കുമോ എന്നുള്ളതാണ് അറിയേണ്ടത്. ഈ വിഷയത്തിൽ കൂടുതൽ

ശ്രദ്ധ കേന്ദ്രീകരിക്കണം. പുതുതായി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഇതൊരു നല്ല സംവിധാനമാണ് എന്ന നിർദ്ദേശംകൂടി സമർപ്പിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അട്ടപ്പാടിയിൽതന്നെയാണ് എൻ.എച്ച്.പി.സി.യെ ഏൽപ്പിച്ചുകൊണ്ട് പുതിയ പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കഴിഞ്ഞ ആഴ്ചയിലും കൂടിക്കാഴ്ച നടത്തിയിരുന്നു. കുറച്ചൊരു അമാന്തം അവരുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. അതവരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഏതായാലും അവരത് സ്പീഡ് അപ് ചെയ്യുമെന്നുതന്നെയാണ് എന്റെ വിശ്വാസം.

ശ്രീ. കെ. ദാസൻ: സർ, ഞാൻ എന്റെ മണ്ഡലത്തിലെ ഒരു പ്രശ്നമാണ് ഉന്നയിക്കുന്നത്. കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ ഓഫീസ് വിഭജിക്കണമെന്ന ആവശ്യം കുറേനാളുകളായി ഉന്നയിക്കുന്ന ഒന്നാണ്. കോഴിക്കോട് വെസ്റ്റിൽനിന്നുവരുന്ന ഫീഡറും കൊയിലാണ്ടിയിൽനിന്നുവരുന്ന ഫീഡറും ചെങ്ങോട്ടുകാവ് വഴി പൂക്കാട് എന്ന സ്ഥലത്താണ് അവസാനിക്കുന്നത്. അതുകൊണ്ട് അവിടെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ജനങ്ങൾ അവിടെ നിരന്തരമായി സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് 10 ലൈൻമാൻമാരും 4 ഓവർസീയർമാരുമാണ് അവിടെയുള്ളത്. 25,000

ഉപഭോക്താക്കളുണ്ട്. ഇത് അടിയന്തരമായി വിഭജിച്ച് ചെങ്ങോട്ടുകാവ് കേന്ദ്രീകരിച്ചൊരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, 25,000 ഉപഭോക്താക്കൾ ഒരു സെക്ഷനിലുണ്ടെങ്കിൽ ആ സെക്ഷൻ വിഭജിക്കാനുള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, വൈദ്യുതി ഉൽപ്പാദനത്തിന് സ്വകാര്യ മേഖലയെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്രത്തോളം പ്രായോഗികമാണ്; സ്വകാര്യ മേഖലയുടെ പങ്കാളിത്തം നമ്മുടെ കേരള സംസ്ഥാനത്ത് വിജയകരമാണോ, ഇതൊന്ന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ രണ്ട് നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. സ്വകാര്യ മേഖലയിൽ ഐ.പി.പി.യായും സി.പി.പി.യായും ഏകദേശം 109 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുത്തുകഴിഞ്ഞു. അതിനുള്ള സാങ്ഷനും നൽകികഴിഞ്ഞു. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഇടുക്കിൽ ഒരു പ്രോജക്ട്

തുടങ്ങിയിരുന്നു. പക്ഷെ അത് ജില്ലാ പഞ്ചായത്തിന് പൂർത്തീകരിക്കാൻ സാധിച്ചില്ല. എന്നാൽ പാലക്കാട് ജില്ലയിലെ ജില്ലാ പഞ്ചായത്ത് ഒരു പദ്ധതി പൂർത്തീകരിച്ചു, അതിന്റെ ഉത്ഘാടനം കഴിഞ്ഞു. രണ്ടാമത് ഒരു പദ്ധതികൂടി അവരാവശ്യപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തുകൾക്കും വേണ്ടിവന്നാൽ ഇത് ചെയ്യാൻ കഴിയുമെന്നതിന്റെ തെളിവാണ് പാലക്കാട് ജില്ലാ പഞ്ചായത്ത്.

ശ്രീ. എസ്. ശർമ്മ: സർ, പവർ സർവ്വെയുടെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ 2020 വരെ വരുന്ന 5 വർഷക്കാലത്തേയ്ക്കുള്ള വൈദ്യുതി റിക്വയർമെന്റ് എത്രയാണ് കണക്കാക്കിയിട്ടുള്ളത്, ആ റിക്വയർമെന്റ് മീറ്റ് ചെയ്യുന്നതിന് ഏതെല്ലാം സെക്ടറുകളിൽനിന്നാണ് വൈദ്യുതി ഉൽപ്പാദനത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, 2017-ൽ എന്ന് പറഞ്ഞാൽ 12-ാം പദ്ധതിയുടെ അവസാനം, ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 18-ാം സ്റ്റഡി റിപ്പോർട്ട് അനുസരിച്ച് ഏകദേശം 4670 മെഗാവാട്ട് വൈദ്യുതി നമുക്ക് ഡിമാന്റ് വരും. 2020-2021 ആകുമ്പോൾ 6100 മെഗാവാട്ട് വൈദ്യുതി ആവശ്യമായിവരും. അതുകൊണ്ട്, നമുക്ക് വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങേണ്ടിവരും. അല്ലാതെ സാധിക്കില്ല. കാരണം ഇവിടെ ഫോറസ്റ്റ് ആന്റ് എൻവിയോൺമെന്റൽ

പ്രശ്നങ്ങളുണ്ട്. അത് നിസ്സാരമാക്കി കളയാൻ സാധിക്കില്ല. അതേ അവസരത്തിൽ നമുക്ക് വൈദ്യുതിയും വേണം. ഇതാണ് പ്രശ്നം. ഛത്തീസ്ഗഡിൽനിന്ന് തമിഴ്നാട്ടിലേയ്ക്ക് 4000 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരാനുള്ള ഒരു സ്കീം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. അതിന്റെകൂടെ കേരളവും ആവശ്യപ്പെട്ടതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് 2000 മെഗാവാട്ട് വൈദ്യുതി കേരളത്തിലേയ്ക്കും കൊണ്ടുവരാൻ സമ്മതിച്ചിട്ടുണ്ട്. (ഛത്തീസ്ഗഡ്-പുഗലൂർ-തമിഴ്നാട്, പുഗലൂർ-തൃശ്ശൂർ). ഇങ്ങനെ ഏകദേശം 2000 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരാൻ സാധിക്കും. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് (പി.ജി.സി.എൽ.) എന്ന കേന്ദ്ര ഗവൺമെന്റിന്റെ കമ്പനിതന്നെയാണ് 26500 കോടി രൂപ ചെലവഴിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത്. ഇതിനുപുറമെയാണ് ഞാൻ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത്.

**നീതി, നന്മ സ്റ്റോറുകൾ**

(* 182) ശ്രീ. പി. തിലോത്തമൻ:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ

പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ;

(ബി) നീതി മെഡിക്കൽ സ്റ്റോറുകളിൽ എത്ര ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നുണ്ട്;

(സി) നീതി മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനകം എത്ര സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയെന്ന് അറിയിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കൺസ്യൂമർഫെഡിന്റെ കീഴിൽ 89 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ കൂടുതലായി വസിക്കുന്ന ഗ്രാമപ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായാണ് പ്രസ്തുത സ്റ്റോറുകൾ ആരംഭിക്കുന്നത്.

1. ഔഷധങ്ങളും അനുബന്ധ ഉപകരണങ്ങളും മൊത്തമായി സംഭരിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ലഭ്യമാക്കണം.

2. 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടത്തിലാണ് നീതി

മെഡിക്കൽ സ്റ്റോർ ആരംഭിക്കേണ്ടത്. അവശ്യഘട്ടങ്ങളിൽ ഇത് 170 ചതുരശ്ര അടിയായി കുറയ്ക്കാവുന്നതാണ്.

3. സ്റ്റോറിൽ യോഗ്യതയുള്ള ഫാർമസിസ്റ്റ് ഉണ്ടായിരിക്കണം.

4. സ്റ്റോറിന് ആരോഗ്യവകുപ്പിൽ നിന്നുള്ള ലൈസൻസ് നേടിയിരിക്കണം.

(ബി) ഇൻസുലിൻ മരുന്നുകൾ പരമാവധി വിൽപ്പന വിലയിൽനിന്നും 10 ശതമാനം വിലക്കുറവിലും, മറ്റ് മരുന്നുകൾ എം.ആർ.പി.യെക്കാൾ 10 മുതൽ 40 ശതമാനം വരെ വിലക്കുറവിലുമാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്.

(സി) കൺസ്യൂമർഫെഡ് ഭരണ സമിതിയുടെ തീരുമാനപ്രകാരം പ്രതിമാസം ഒരു ലക്ഷം രൂപയിൽ കുറവ് വിൽപ്പനയുള്ള 7 മെഡിക്കൽ സ്റ്റോറുകൾ നിറുത്തലാക്കിയിട്ടുണ്ട്. കൂടുതൽ നീതി സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടില്ല.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, നന്മയ്ക്കുപുറകെ നീതിയും മായുന്നു. കൺസ്യൂമർഫെഡിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറുകൾക്ക് പൂട്ടുവീഴുന്നതായി ഇന്ന് പത്രങ്ങളിൽ വാർത്തയാണ്. കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുമായിരുന്ന, ജീവൻരക്ഷാ ഔഷധങ്ങൾക്കുവരെ വമ്പിച്ച വിലകയറിയ ഇന്നത്തെ സാഹചര്യത്തിൽ ന്യായവിലയ്ക്ക് മരുന്ന് ലഭ്യമായിരുന്ന

നീതി സ്റ്റോറുകൾ അടച്ചുപൂട്ടുവാനുള്ള തീരുമാനം തീർച്ചയായും ഗവൺമെന്റ് പുനഃപരിശോധിക്കേണ്ടതാണ്. ഒരു മാസം ഒരു ലക്ഷംരൂപയിൽ താഴെ വരുമാനമുള്ള മെഡിക്കൽസ്റ്റോറുകൾ പൂട്ടാനാണ് കൺസ്യൂമർഫെഡിന്റെ തീരുമാനം എന്നാണ് പത്ര വാർത്തകൾ. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്റ്റോറുകളിൽവരെ ദിവസേന അയ്യായിരത്തിൽപ്പരം രൂപയുടെ വരുമാനമുണ്ടെന്നാണ് പൊതുവേ പറയപ്പെടുന്നത്. സഹകരണസംഘങ്ങളോ പഞ്ചായത്തോ നൽകുന്ന കെട്ടിടങ്ങളിലാണ് ഈ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. മിക്കവാറും നീതി മെഡിക്കൽ സ്റ്റോറുകളിൽ ഡെയ്‌ലി വേജസിൽ ജോലി ചെയ്യുന്ന ഒരേയൊരു ജീവനക്കാരനാണുള്ളത്. അതിന്റെ നിത്യനിദാന ചെലവുകൾ നോക്കുകയാണെങ്കിൽ വളരെ പരിമിതവും എന്നാൽ നാട്ടുകാർക്ക് ഏറെ പ്രയോജനപ്രദവുമാണ്. അത്തരത്തിലുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ പൂട്ടുവാനുള്ള ഗവൺമെന്റിന്റെ തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. ഇപ്പോൾ ഇരുപതിൽപ്പരം മെഡിക്കൽ സ്റ്റോറുകൾ പൂട്ടാനുള്ള നീക്കങ്ങൾ നടത്തുന്നുവെന്നാണ് പത്രവാർത്തകൾ. ആ നടപടി ഗവൺമെന്റ് പുനഃപരിശോധിക്കാനും പൂട്ടിയ മെഡിക്കൽ സ്റ്റോറുകൾ തുറക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ

ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള സ്റ്റോറുകൾ തുറന്നു പ്രവർത്തിച്ചാൽ വലിയ നഷ്ടം വരും. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും തികയില്ല. അതിന്റെ പേരിലാണ് പൂട്ടാൻ തീരുമാനിച്ചത്. ഏതായാലും ഇത് ലാഭകരമാക്കാനും ഇനിയുള്ള സ്റ്റോറുകൾ പൂട്ടാതിരിക്കാനുമുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. പി. തിലോത്തമൻ: സർ, കൺസ്യൂമർഫെഡിന്റെ നന്മ പ്രധാനം ചെയ്തിരുന്ന നന്മ സ്റ്റോറുകൾ ഇന്ന് സംസ്ഥാനമൊട്ടാകെ നിശ്ചലമായിരിക്കുകയാണ്. ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുമായിരുന്ന, അങ്ങനെ ചെയ്തുകൊണ്ടിരുന്ന കേരളത്തിലെ ഏറ്റവും നല്ലൊരു പൊതുവിതരണ ശൃംഖലയാണ് ചീട്ടുകൊട്ടാരംപോലെ തകർത്തുകളഞ്ഞത്. ഇന്ന് തിന്മയാണ് ഏറെയും ഈ രംഗത്ത് നടമാടുന്നത്. സബ്സിഡി എടുത്തുകളഞ്ഞു, നിത്യോപയോഗ സാധനങ്ങളില്ല, ആരും ഇപ്പോൾ നന്മ സ്റ്റോറുകളിൽ പോകുന്നില്ല. പൂട്ടുന്നതിനുതുല്യമായ ഒരവസ്ഥയാണ് കൈവന്നിരിക്കുന്നത്. പത്രങ്ങളിൽ ഇതുസംബന്ധിച്ച് ധാരാളം വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കൺസ്യൂമർഫെഡിന്റെ കീഴിൽ 45 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നതിന്റെ ഏതാനും ഫയലുകൾ പരിശോധിച്ചപ്പോൾ 30 കോടി രൂപയുടെ അഴിമതി നടന്നതായാണ് വാർത്തകളിൽ കാണുന്നത്. 1850-ൽപ്പരം ഫയലുകൾ

പരിശോധിക്കാൻ ഇനിയും ബാക്കിയുണ്ട്. 50 ഫയലുകൾ പരിശോധിച്ചപ്പോൾ 30 കോടി രൂപയുടെ തീവെട്ടിക്കൊള്ള നടന്നതായിട്ടാണ് അറിയുന്നത്. കരാറുകാരന് കൊടുത്തുവെന്നു പറയുന്ന തുകയിൽ പകുതിയിലേറെയും ഉന്നത ഉദ്യോഗസ്ഥന്മാർ പങ്കുവച്ചെടുത്തുവെന്ന വാർത്തയും പത്രങ്ങളിൽ വന്നിട്ടുണ്ട്. ഇത്രയും ഭയങ്കരമായൊരു തീവെട്ടിക്കൊള്ള സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡിൽ നടന്നത് സഹകരണ വകുപ്പ് എന്തുകൊണ്ട് അറിഞ്ഞില്ല എന്നുള്ള ചോദ്യം വളരെ പ്രസക്തമാണ്. ഇത്തരം തീവെട്ടിക്കൊള്ള പുറത്തുകൊണ്ടുവരാനും അതിനുത്തരവാദികളായവരെ കർശനമായും നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും സഹകരണ വകുപ്പ് എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അടുത്തകാലത്ത് ഇതുസംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതും സഹകരണ വകുപ്പ് വിജിലൻസിന് കൈമാറിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള എം.ഡി.യെയും ജനറൽ മാനേജരെയും ബന്ധപ്പെട്ട 15 ഉദ്യോഗസ്ഥന്മാരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡ് ലാഭത്തിലല്ല, വലിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി

ബാങ്കുകളിൽനിന്ന് പണം കടമെടുക്കാനുള്ള ഗവൺമെന്റ് ഗ്യാരന്റി തന്നിട്ടുണ്ട്. പ്രശ്നമെന്താണെന്നുവച്ചാൽ ഒരു ഭാഗത്ത് നിരന്തരമായി അഴിമതിയെന്നുപറയുമ്പോൾ പണം തരുന്ന കാര്യത്തിൽ ബാങ്കുകൾക്ക് ബുദ്ധിമുട്ടുണ്ട്. ഏതായാലും സഹകരണ വകുപ്പ് സെക്രട്ടറിയേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ച് ചർച്ചചെയ്ത് ഓണത്തിനുമുമ്പുതന്നെ പഴയതുപോലെ കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾ ജനങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൺസ്യൂമർഫെഡ് സഹകരണ പ്രസ്ഥാനത്തിന്റെ ഒരു പ്രസ്റ്റീജ്യസായിട്ടുള്ള സ്ഥാപനമാണ്. നീതി മെഡിക്കൽ സ്റ്റോർ, നന്മ, ത്രിവേണി തുടങ്ങിയ സ്ഥാപനങ്ങളെല്ലാം തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. അഴിമതി മാത്രമല്ല, കെടുകാര്യസ്ഥതയുമൊക്കെ ഇവിടെ ചർച്ച ചെയ്ത വിഷയമാണ്. കൺസ്യൂമർഫെഡുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എം.ഡി.യും ചെയർമാനും തമ്മിലുള്ള ചേരിപ്പോര് പാർട്ടികൾക്കകത്തുള്ള ഗ്രൂപ്പുവഴക്കുകൂടി ബന്ധപ്പെടുത്തിക്കൊണ്ട് അതിനെ കൂടുതൽ തകർച്ചയിലേയ്ക്ക് കൊണ്ടുപോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരനുവേണ്ടി ആരംഭിച്ച ഈ സ്ഥാപനങ്ങൾ തകർക്കുന്നതിൽ ഗവൺമെന്റിന് വലിയ പങ്കുണ്ട്.

ത്രിവേണി സ്റ്റോറുകൾ നമ്മുടെ സംസ്ഥാനത്തും മണ്ഡലം തലത്തിലും എല്ലായിടത്തും ആരംഭിച്ചു. അതിനുശേഷം മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചു. ത്രിവേണി സ്റ്റോറുകൾ എന്നുപറയുന്നത് പാവപ്പെട്ടവന് സാധനങ്ങൾ വിലകുറച്ച് കൊടുക്കുന്ന ഒരു സ്ഥാപനമാണ്. പൊതുവിപണിയിൽ അരിക്ക് 21.20 പൈസയാണെങ്കിൽ ത്രിവേണി സ്റ്റോറിൽ 33 രൂപയാണ്. പഞ്ചസാരയ്ക്ക് പൊതുവിപണിയിൽ 28 രൂപയാണെങ്കിൽ ത്രിവേണി സ്റ്റോറിൽ 29.50 പൈസയാണ്. മൈദയ്ക്ക് 24 രൂപയാണെങ്കിൽ ത്രിവേണി സ്റ്റോറിൽ 28 രൂപയാണ്. ഗ്രീൻപീസിന് 25 രൂപയാണെങ്കിൽ ത്രിവേണിയിൽ 45 രൂപയാണ്. മുളകിന് 95 രൂപയാണെങ്കിൽ ത്രിവേണിയിൽ 120 രൂപയാണ്. മല്ലിക്ക് 115 രൂപയാണെങ്കിൽ ത്രിവേണിയിൽ 120 രൂപയാണ്. പൊതുവിപണിയിലുള്ളതിനെക്കാൾ കൂടുതൽ വിലയാണ് ത്രിവേണി സ്റ്റോറിലെങ്കിൽ ആരെങ്കിലും ത്രിവേണി സ്റ്റോറിൽ വരുമോ? മൊബൈൽ യൂണിറ്റുകളെല്ലാം അടച്ചുപൂട്ടി. നന്മ സ്റ്റോറുകൾ പൂട്ടിയിട്ട് കാലങ്ങളേറെയായി. കേരളത്തിലെ സാധാരണക്കാർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഇങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത്; ഈ സ്ഥാപനത്തെ രക്ഷിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അതുപോലെ കോടിക്കണക്കിന് രൂപ

ചെലവഴിച്ച് പുറത്തിറക്കിയ വണ്ടികൾ ഇന്ന് കട്ടപ്പുറത്തിരിക്കുകയാണ്. ഇതൊക്കെ ജനങ്ങൾക്കുവേണ്ടി പുനഃസ്ഥാപിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, കുറച്ച് സാമ്പത്തിക പ്രയാസം വന്നുവെന്ന് ഞാൻ ആദ്യംതന്നെ പറഞ്ഞല്ലോ. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുത്തിട്ടുണ്ട്. സഹകരണ വകുപ്പിലെ ബന്ധപ്പെട്ട പ്രധാന ഉദ്യോഗസ്ഥർ കൺസ്യൂമർഫെഡിൽ നേരിട്ടുപോയി യോഗം വിളിച്ച് നേരത്തെ പറഞ്ഞ അഴിമതി സംബന്ധിച്ചും അതുപോലെയുള്ള കാര്യങ്ങളൊക്കെ.......... ഇവിടെ പറഞ്ഞതുപോലെ നന്മ സ്റ്റോറുകളിലും ത്രിവേണികളിലും സാധനങ്ങളില്ല. ഇതൊക്കെ ജനങ്ങൾക്ക് വളരെയധികം സഹായം ചെയ്യുന്ന പ്രസ്ഥാനങ്ങളാണ്. അങ്ങ് പറഞ്ഞത് ശരിതന്നെയാണ്. അതിലൊക്കെ വസ്തുതയുണ്ട്. അതിൽ ഞാൻ നേരത്തെ പറഞ്ഞ കാര്യമുണ്ട്. ഓരോ പ്രസ്ഥാനത്തെ സംബന്ധിച്ചും നിരന്തമായി അഴിമതി വരുമ്പോൾ കച്ചവടക്കാർ സാധനങ്ങൾ കൊടുക്കുന്നില്ല. കാരണം, അവർക്ക് വിശ്വാസം നഷ്ടപ്പെട്ടുവരികയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ബന്ധപ്പെട്ടവരെ വിളിച്ചുചേർത്ത് തൽക്കാല ആശ്വാസം എന്ന നിലയിൽ ബാങ്കുകളിൽനിന്ന് ഗ്യാരന്റി പ്രകാരം 150 കോടി രൂപ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് അടിയന്തരമായി കൊടുക്കും. അങ്ങനെ വരുമ്പോൾ നന്മ

സ്റ്റോറുകളും മറ്റുസ്റ്റോറുകളുമൊക്കെ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, അവശ്യവസ്തുക്കൾക്ക് ശക്തമായ വിലക്കയറ്റമാണ് കേരളത്തിൽ അനുഭവപ്പെടുന്നത്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് പൊതുവിതരണ മേഖലയിൽ കേരളത്തിലെ 3.5 കോടി ജനങ്ങൾക്ക് സഹായകമാകുന്ന സംവിധാനത്തിലാണ് സഹകരണ വകുപ്പ് മുന്നോട്ടുപോകുന്നത്. നീതി സ്റ്റോറുകളും നന്മ സ്റ്റോറുകളും ത്രിവേണി സൂപ്പർ മാർക്കറ്റുകളുമെല്ലാം വളരെ ഫലപ്രദമായി നടക്കുന്നുവെന്നുള്ള റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുന്നതോടോപ്പം ഇപ്പോൾ പറഞ്ഞ നിർദ്ദേശങ്ങളെല്ലാം പരിശോധിച്ചാൽ നാലരക്കൊല്ലത്തിനുള്ളിൽ ഏകദേശം 45 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ സാധനസാമഗ്രികളും വാങ്ങിച്ചതായ കണക്കുകൾ സഹകരണ വകുപ്പിലുണ്ട്. ഇത്തരം അടിസ്ഥാനപരമായ സംവിധാനങ്ങൾക്കായി ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും നീതി സ്റ്റോറുകളിലും ഗവൺമെന്റ് തലത്തിൽ ഫണ്ട് ചെലവഴിച്ച് അതിന്റെ ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കിയതിനുശേഷവും കഴിഞ്ഞ ദിവസം പാളയത്തെ ഒരു സ്റ്റോറിൽ

പോയപ്പോൾ കണ്ടത് 6 ജീവനക്കാരും വളരെക്കുറച്ച് സാധനങ്ങളും അതിനോടനുബന്ധിച്ചുള്ള സംവിധാനങ്ങളുമായി ത്രിവേണി സൂപ്പർ മാർക്കറ്റ് നടത്തിക്കൊണ്ടിരിക്കുന്നതാണ്. അന്വേഷിച്ചപ്പോൾ കൺസ്യൂമർഫെഡ് സാധനങ്ങൾ തന്നാൽ മാത്രമേ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂവെന്നാണ് പറഞ്ഞത്. ഇത്രയും പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നീതി സ്റ്റോറുകളുടെ പ്രവർത്തനാനുഭവം പഠിച്ച് നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് അടിയന്തരമായി ഒരു സംവിധാനം ബഹുമാനപ്പെട്ട മന്ത്രി നടപ്പിലാക്കുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ഇതിനെ സംബന്ധിച്ച് ഞാൻ മറുപടി പറഞ്ഞതാണ്. അടിയന്തരമായി നടപ്പിലാക്കും.

<u>ശ്രീ. കെ. രാജു</u>: 'നന്മ'യ്ക്കു പുറമെ 'നീതി'യും മറയുകയാണ്. 'നന്മ' സ്റ്റോറുകളെല്ലാം ഏതാണ്ട് നിലച്ച സ്ഥിതിയിലായി. അതിന്റെ തൊട്ടുപുറകെ 'നീതി'യും ഇല്ലാതാകുകയാണ്. കൺസ്യൂമർഫെഡ് എം.ഡി.-ക്ക് താല്പര്യം മദ്യവില്പനയിലും അതിന്റെ കമ്മീഷനിലുമാണ്. ആ കമ്മീഷൻ ഉപയോഗിച്ചുകൊണ്ട്

സാമ്പത്തിക ലാഭം, ഇതാണ് നേട്ടം എന്നുപറയുന്നത് കൺസ്യൂമർഫെഡ് ചെയർമാനാണ്, എം.ഡി. തിരിച്ചും പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണെന്ന് ഈ സഭയെ ഒന്നറിയിച്ചാൽ കൊള്ളാം. പഞ്ചായത്തും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും അതുപോലുള്ള സ്ഥാപനങ്ങളും വാടകയില്ലാതെയും വളരെ വാടക കുറച്ചും എടുത്തുകൊടുക്കുന്ന സ്ഥലങ്ങളിലാണ് നീതി സ്റ്റോറുകളും മറ്റും നടത്തുന്നത്. കൂടുതലും അങ്ങനെയാണ്. യഥാർത്ഥത്തിൽ പ്രവർത്തനചെലവ് വളരെ കുറവാണ്. എന്നിട്ടും ആ സ്ഥാപനങ്ങൾ ലാഭകരമായി നടത്താനും ജനോപകരപ്രദമായി നടത്താനും കഴിയാത്തത് ഇതിന്റെ mismanagement കൊണ്ടല്ലേ. അങ്ങ് ഇക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, സഹകരണ വകുപ്പ് ഇക്കാര്യം വളരെ ഗൗരവമായി എടുത്തിട്ടുണ്ട്. ലാഭകരമാക്കലല്ല, ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് എല്ലാ ഉദ്യോഗസ്ഥന്മാരും ഇക്കാര്യം വളരെ ഗൗരവമായി പരിഗണിച്ചുകൊണ്ട് നന്മയിലും ത്രിവേണിയിലും ചെന്നാൽ സാധനങ്ങൾ കിട്ടത്തക്ക രീതിയിൽ പഴയ കാലത്തെ നടപടിയിലേയ്ക്ക്

കൊണ്ടുപോകുന്നതിന് നടപടി എടുക്കുകയാണ്. ഈ അവസാന കാലഘട്ടത്തിൽ സാമ്പത്തിക പ്രതിസന്ധിമൂലം കുറച്ച് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അഴിമതി സംബന്ധിച്ച് പരിശോധിക്കാൻ വകുപ്പിൽ സംവിധാനമുണ്ട്. അഴിമതി ചെയ്യുന്നയാളുകൾ രക്ഷപ്പെട്ട് പോകില്ല. ഇക്കാര്യത്തിൽ കർശനമായ നടപടിയെടുത്തു കൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാനത്തെ നശിപ്പിക്കാൻ പാടില്ല. അങ്ങനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുവാനാണ് തീരുമാനമെടുത്തിരിക്കുന്നത്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഇവിടെ പറഞ്ഞ കാര്യങ്ങളോട് ഞാനും യോജിക്കുന്നു. ത്രിവേണി, നന്മ സ്റ്റോറുകളുടെ 24 യൂണിറ്റുകൾ എന്റെ നിയോജകമണ്ഡലത്തിലുണ്ടായിരുന്നതാണ്. അതിൽ പകുതിയും ഇപ്പോൾ പ്രവർത്തനരഹിതമോ നിശ്ചലമോ ആണ് എന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ എനിക്ക് പ്രതീക്ഷയുണ്ട്. ഓണത്തിന് മുമ്പ് ഇതെല്ലാം തുറന്ന് പ്രവർത്തിക്കും പഴയ രൂപത്തിൽ വരും എന്ന് പറയുന്നതിൽ വളരെ സന്തോഷമുണ്ട്. അത് നടക്കുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. ഇവിടെ സൂചിപ്പിച്ച കാര്യം, ചെയർമാനും എം.ഡി.-യും തമ്മിലുള്ള വാക്കുതർക്കം, ആ

പ്രസ്ഥാനത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നറിയാം. യോജിച്ചുനിന്ന് പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനുപകരം പരസ്പരം ചെളി വാരിയെറിഞ്ഞുകൊണ്ടുള്ള പ്രസ്താവനകളാണ് വരുന്നത്. ഒന്നാമത്, ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ ക്രെഡിബിലിറ്റിയുള്ളവരായിരിക്കണം. ക്രെഡിബിലിറ്റിയില്ലാത്തയാളുകളെ സ്ഥാനത്ത് കൊണ്ടുവന്നാൽ അവർ നടത്തുന്ന ഇത്തരം കാര്യങ്ങളും പരസ്യ പ്രസ്താവനകളും സ്ഥാപനത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യങ്ങൾ കൂടി അങ്ങയുടെ പരിഗണനയിലുണ്ടാകുമോ; അക്കാര്യത്തിൽ പ്രത്യേകിച്ചും ഉദ്യോഗസ്ഥന്മാർ നടത്തുന്ന പബ്ലിക് സ്റ്റേറ്റ്മെന്റുകൾ അവസാനിപ്പിക്കാനെങ്കിലും കഴിയുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഒരു വീട്ടിൽ പ്രശ്നങ്ങൾ വരുമ്പോൾ ഇല്ലാത്ത കാര്യങ്ങളൊക്കെ പുറത്തുവരും. നല്ല കാലമാണെങ്കിൽ ബുദ്ധിമുട്ടൊന്നുമുണ്ടാകില്ല. പൈസ കൊടുത്തു തീർക്കാനുള്ളതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതെല്ലാം കൊടുത്തുകഴിഞ്ഞാൽ വളരെ ഭംഗിയായി

മുന്നോട്ടുപോകും. ഇക്കാര്യം ഗവൺമെന്റിനും മുഖ്യമന്ത്രിക്കുമറിയാം. അദ്ദേഹം ഇക്കാര്യം വളരെ ഗൗരവമായി എടുത്തിട്ടുണ്ട്. ഓണത്തിനു മുമ്പ് ഇത് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാനാണ് ആഗ്രഹിക്കുന്നത്, നടക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെയുണ്ടായ ചോദ്യങ്ങളെല്ലാം കൺസ്യൂമർഫെഡിന്റെ വില്പനയെക്കുറിച്ചാണ്. എനിക്ക് ചോദിക്കാനുള്ളത് അവരുടെ വാങ്ങലിനെക്കുറിച്ചാണ്. ധാരാളം പേരിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ട് പണം കൊടുത്തില്ലെങ്കിൽ ആ സ്ഥാപനങ്ങളുടെ ഗതിയെന്താകും? മാരാരിക്കുളത്തെ കുടുംബശ്രീയിൽ നിന്ന് 5 ലക്ഷം രൂപയുടെ കുട വാങ്ങിച്ചിട്ട് ഇപ്പോൾ 4 വർഷമായി. ആ പാവങ്ങൾക്ക് ജീവിച്ചുപോകാനായി ആ തുക കൊടുക്കാൻ ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഞാൻ അങ്ങയോട് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ചെറിയ തുകകൾ പണം കിട്ടുന്ന മുറയ്ക്ക് അടിയന്തരമായി കൊടുത്തുതീർക്കും. കുടുംബശ്രീ മാത്രമല്ല അതുപോലെ ചെറിയ ധാരാളം സംഘങ്ങൾക്ക് പണം കൊടുക്കാത്തതുകൊണ്ട് അവർക്ക് നിലനിൽക്കാൻ

സാധിക്കുന്നില്ല. അക്കാര്യം എനിക്ക് നല്ല ബോധ്യമുണ്ട്. അത് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്യും.

## ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം

(*183) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് അടിസ്ഥാന സൗകര്യത്തിന്റെയും മറ്റും അഭാവത്തിൽ സാധിക്കാത്ത പ്രദേശങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് പ്രധാനമായും വേണ്ടതെന്താണെന്നും അത് ലഭ്യമാക്കാൻ സാധ്യമാകാത്തത് എന്ത് കാരണത്താലാണെന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) ആദിവാസി മേഖലയിൽ വിദ്യാഭ്യാസം നൽകുന്നതിന് ചെലവഴിക്കുന്ന തുക ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിലും വായനയിൽ കൂടിയും അറിവ് ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം പര്യാപ്തമാണ് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ,

(എ) അവലോകനം നടത്തിയിട്ടുണ്ട്. മിക്ക പട്ടികവർഗ്ഗ ഊരുകളും വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ അദ്ധ്യാപകരക്ഷകർത്തൃ സംഘടനയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സങ്കേതങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും തിരിച്ച് സങ്കേതങ്ങളിൽ എത്തിക്കുന്നതിനുമായി 'ഗോത്രസാരഥി' പദ്ധതി മുഖേന വാഹന സൗകര്യം ഏർപ്പെടുത്തി വരുന്നുണ്ട്. 2014-15 അദ്ധ്യയനവർഷം 4 കോടി രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷവും ടി പദ്ധതിക്കു വേണ്ടി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആദിവാസി മേഖലയിൽ വിദ്യാഭ്യാസത്തിന് വേണ്ടി വകയിരുത്തുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.

19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകി വരുന്നത്. താമസം, ബാഗ്, യൂണിഫോം, ചെരുപ്പ്, സൗജന്യഭക്ഷണം എന്നിവ നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും സ്കൂളിൽ നിന്നും കൊഴിഞ്ഞ് പോക്ക് തടയുന്നതിനും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വളരെയധികം സഹായകമാണ്. കൂടാതെ വിവിധ ജില്ലകളിലായി 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടി തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം എന്നിവയിൽ പ്രീ ട്രെയിനിംഗ് കൊടുത്ത് ടി വിഷയങ്ങളിൽ കുട്ടികളെ കഴിവുള്ളവരാക്കാൻ ഉദ്ദേശിച്ച് ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും താമസിച്ച് പഠിക്കുന്ന

കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, ട്യൂഷൻ ക്ലാസ് എന്നിവ നൽകുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ മേഖലകളിൽ അവബോധം വളർത്തുന്നതിനും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

1. സ്വന്തമായി കെട്ടിടമുള്ള എല്ലാ സ്കൂളുകളിലും ഹോസ്റ്റലുകളിലും വായനശീലം വളർത്തുന്നതിന് ഈ സർക്കാർ ലൈബ്രറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
2. സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി.
3. സർഗ്ഗോത്സവം.
4. സഹവാസ ക്യാമ്പ്
5. നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയ പദ്ധതികൾ ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ അറിവ് ലഭിക്കുന്നതിന് ഉതകുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ നൈപുണ്യം നൽകുന്നതിന് 5 പദ്ധതികളെ സംബന്ധിച്ച്

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്? 'ഗോത്ര ജ്യോതി' എന്നൊരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, 2013-14 സാമ്പത്തിക വർഷം പി.എസ്.സി. പോലുള്ള പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി പ്രത്യേക ട്രെയിനിംഗുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നുണ്ട്. അതുകൂടാതെ തൊഴിൽരഹിതരായ പട്ടികവർഗ്ഗ വനിതകൾക്കുവേണ്ടി 500 ഓളം ഓട്ടോറിക്ഷകൾ ഗവൺമെന്റ് വാങ്ങി നൽകിയിട്ടുണ്ട്. എൻ.ടി.ടി.എഫ്. പദ്ധതി പ്രകാരം പ്രത്യേകിച്ചും പത്താം ക്ലാസും പ്ലസ്ടുവും കഴിഞ്ഞ കുട്ടികൾക്ക് തുടർപഠനത്തിലൂടെ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിച്ച് തൊഴിലുള്ളവരാക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)